**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3483 — 20/06/2019-ൽ മറുപടിക്ക്

## കായൽ സംരക്ഷണത്തിനായി വെറ്റ് ലാന്റ് അതോറിറ്റി സ്വീകരിച്ച നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ജോൺ ഫെർണാണ്ടസ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട കായലുകൾ സംരക്ഷിക്കുന്നതിനായി കേന്ദ്ര - സംസ്ഥാന സർക്കാരുകൾ അനുവദിച്ച 3.45 കോടി രൂപ വിനിയോഗിച്ചുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി കേരള വെറ്റ് ലാന്റ് അതോറിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | അനുവദിച്ച ഫണ്ടിൽ 172.56 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി 31-7-2018 ലെ സ.ഉ (സാധാ) നം.93/2018/പരി പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. മൂന്ന് റാംസാർ തണ്ണീർത്തടങ്ങളുടെ കർമ്മ പരിപ്രേക്ഷ്യത്തിൽ പ്രതിപാദിച്ചിട്ടുള്ള ഘടക പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനു പ്രാരംഭ നടപടികളായ പദ്ധതി ക്ഷണിക്കൽ, മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കി വരുന്നു. |
| (ബി) | ഇത് നടപ്പിലാക്കുന്നതിൽ നേരിടുന്ന കാല താമസത്തിന് കാരണം വ്യക്തമാക്കാമോ; | (ബി) | കേരളത്തിലുണ്ടായ മഹാപ്രളയത്തിന് ശേഷം റാംസാർ തടാകങ്ങളിൽ നിന്നും അടിയന്തിരമായി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് മൂന്ന് തണ്ണീർ ത്തടങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക ക്ലീൻ കേരള കമ്പനിക്ക് കൈമാറാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br>2019-20 സാമ്പത്തിക വർഷത്തിൽ മൂന്ന് റാംസാർ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതി വിഹിതം വിനി യോഗിക്കുന്നതിനായി കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും പുനരനുമതി ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രവർത്തികൾ നടപ്പിലാക്കുന്നതി നുള്ള നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പശ്ചിമ കൊച്ചിയിലെ കായലുകളിൽ വൻ തോതിൽ അടിഞ്ഞു കൂടിയിട്ടുള്ള എക്കലുകളും ചെളിയും മൂലം മത്സ്യബന്ധനത്തിന് തടസവും പരിസ്ഥിതിക്ക് കോട്ടവും സൃഷ്ടിക്കപ്പെട്ടിട്ടും ഇത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ? | (സി) | ആവാസ വ്യവസ്ഥക്ക് ഉപദ്രവകരമായ രീതിയിൽ എക്കലും ചെളിയും മറ്റു മാലിന്യങ്ങളും അടിഞ്ഞു കൂടുന്നത് പരമാവധി കുറയ്ക്കുന്നതിനുള്ള പ്രതിരോധ പ്രവൃത്തികൾ വേമ്പനാട് - കോൾ റാംസാർ തണ്ണീർത്തടത്തിന്റെ അംഗീകൃത പരിപാലന കർമ്മ പരിപ്രേക്ഷ്യത്തിലുള്ളതിനാൽ അതു നടപ്പാകുന്ന മുറയ്ക്ക് ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെടും. ഈ സാമ്പത്തിക വർഷം ഈ പ്രവൃത്തിയുടെ പ്രാഥമിക നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**